ആഗസ്റ്റ് 2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ



ദൈവമാതാവിന്റെ
സ്വർഗ്ഗാരോപണ തിരുനാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ



ആരെയും
ആകർഷിക്കുന്ന
3 ഓഫറുകൾ
ഏറ്റവും കുറഞ്ഞ പലിശ നിരക്ക്
ഞൊടി ഇടയിൽ പണം നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും സുതാര്യവുമായ ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O.Thrissur 680012
Ph :2360846,2360202,2365890
Customer Care : 8547667788,8547778899

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 0487 – 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 28
ആഗസ്റ്റ് 2022
ലക്കം 7

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 04 |
| പ്രതിനിധിയോഗ വാർത്തകൾ | 06 |
| മതബോധനവാർത്തകൾ | 08 |
| ഓർമ്മിക്കുക ആചരിക്കുക | 09 |
| കുടുംബകൂട്ടായ്മവാർത്തകൾ | 10 |
| തോമചരിതം | 14 |
| ഞങ്ങൾ വരവായി | 16 |
| പരിശുദ്ധ കന്യകാമറിയം നന്മയുടെ നിറകുടം | 17 |
| ജാതി തൊണ്ടിന്റെ ഗുണവും കൊതിയൂറും.... | 18 |
| തിരുനാൾ തിരുകർമ്മങ്ങൾ | 20 |
| ജനുവരി തിരുനാളിന്റെ കണക്കുകൾ | 22 |
| എപ്പോഴും നിങ്ങളെ സംരക്ഷിക്കും | 37 |
| BIBLE QUIZ | 38 |
| ചായകൂട്ട് മത്സരം | 40 |

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ.മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

അസോസിയേറ്റഡ് എഡിറ്റേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
(നടത്തുകൈക്കാരൻ)

### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

നടത്തുകൈക്കാരൻ
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ
+91 9847551115

### പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

## എഡിറ്റോറിയൽ

# കേരള നവോത്ഥാനത്തിന്റെ രാജശില്പി

18–19 നൂറ്റാണ്ടുകളിൽ വിദേശമിഷനറിമാർ കേരളത്തിൽ വന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് രൂപഭാവങ്ങൾ നൽകുകയുണ്ടായി. അവരുടെ പ്രചോദനം ഉൾക്കൊണ്ട് വി. ചാവറയച്ചൻ അഹോരാത്രം പ്രയത്നിച്ചു. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ജീവകാരുണ്യ മേഖലകൾ എന്നിവ നാട്ടിലുടനീളം സ്ഥാപിച്ച് തന്റെ കർമ്മരംഗം വിപുലീകരിച്ചു. ഓരോ പള്ളിയോടും ചേർന്ന് പള്ളിക്കൂടവും സ്ഥാപിച്ചു. മാന്നാനത്ത് സംസ്കൃതസ്കൂളും തുടങ്ങി. ഉച്ചനീചത്വത്തെ അവഗണിച്ച് എല്ലാവർക്കും വിദ്യ അഭ്യസിക്കാൻ അവസരമൊരുക്കി. ഒട്ടിയ വയറുമായി വരുന്ന കുഞ്ഞുങ്ങളെ പരിഗണിച്ച് സ്കൂളുകളിൽ ഉച്ചഭക്ഷണവും കൊടുക്കുവാൻ ആരംഭിച്ചു. അങ്ങനെ ഒരു സാമൂഹിക ഉന്നമനവിപ്ലവത്തിന് കൊടിനാട്ടി വൈദികനായ വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ താൻ സ്ഥാപിച്ച സി.എം.ഐ. സന്യാസ സഭയിലൂടെ അതിന് വളമിട്ടു വളർത്തിയെടുത്തു. സർവ്വജനവിഭാഗങ്ങളുടെയും സമഗ്രവികസനമാണീ സന്യാസസഭയുടെ ലക്ഷ്യം. ഇത്രയൊക്കെയായിട്ടും ഈ രാജശില്പിയുടെ പേര് സ്കൂളിലെ പാഠപുസ്തകത്തിൽ നിന്നും മാറ്റാൻ തീരുമാനിച്ച ഭരണാധിപൻമാർക്കെന്തുപറ്റി? പകരം കൊടുത്ത പേരുകളാകട്ടെ വിശുദ്ധൻ ജനിച്ച് പതിറ്റാണ്ടുകൾക്കുശേഷം ജനിച്ചവരും. അവർ തങ്ങളുടെ മാത്രം സമുദായത്തിനുവേണ്ടി നിലകൊണ്ടവരുമാണ്. പാഠപുസ്തകത്തിൽ നിന്നും മാറ്റിയാലും സ്വർഗ്ഗം ഒപ്പുവച്ച തങ്കലിപികളിലുള്ള “വിശുദ്ധൻ” എന്ന നാമധേയം ആർക്ക് മായിച്ചു കളയാനാകും? സ്നേഹ ചാവറയച്ചാ അങ്ങയുടെ പ്രയത്നഫലം ഞങ്ങളുടെ ഹൃദയങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്. അതിൽ തൊട്ടാണല്ലോ ഞങ്ങളീ ലിപികള് പഠിച്ചതുതന്നെ.

ഈ ഭൂമിയിൽ അഴുകിതീരേണ്ടവളല്ല ദൈവത്തിന്റെ മാതാവായ മറിയം. അതിനാൽ ദൈവം ഉടലോടെ മാതാവിനെ സ്വർഗ്ഗത്തിലേ

ക്കു സംവഹിച്ചു. 12-ാം പീയൂസ് മാർപ്പാപ്പയാണ് മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. അമ്മയുടെ ഈ നാമധേയത്തിലുള്ള ഇടവകയെ സംബന്ധിച്ചിടത്തോളം ഈ തിരുനാൾ വളരെ പ്രാധാന്യമർഹിക്കുന്നു.

ബ്രിട്ടീഷുകാരുടെ അടിമത്വത്തിനും ചൂഷണത്തിനും വിധേയരായിരുന്ന നാം സ്വതന്ത്രരായതിന്റെ ഓർമ്മദിനം കൂടിയാണ് ആഗസ്റ്റ് 15. എല്ലാവർക്കും നന്മയുണ്ടാകുവാനും ജീവനും സ്വത്തിനും സംരക്ഷണമുണ്ടാകാനുമായി നമ്മുടെ പിതാമഹന്മാർ നേടിയെടുത്ത സ്വാതന്ത്ര്യം നന്മ ചെയ്യാനുള്ള സാഹചര്യമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യത്തിന്റേയും ആശംസകൾ ഏവർക്കും സ്നേഹത്തോടെ നേരുന്നു.

**പത്രാധിപസമിതി.**



# ഇടയശബ്ദം



പ്രിയമുള്ളവരേ,

പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളാശംസകൾ.

സ്വാതന്ത്ര്യം ലഭിച്ചിട്ട് പതിറ്റാണ്ടുകൾ ഏറെയായിട്ടും ഇനിയും യഥാർത്ഥ സ്വാതന്ത്ര്യത്തിനായി കാത്തിരിക്കണമെന്നാണ് ഈ കാലയളവ് പഠിപ്പിക്കുന്ന പാഠം. മാനവശേഷിയും പ്രകൃതിവിഭവങ്ങൾ ഏറെയുണ്ടായിട്ടും, സ്വന്തം നാട്ടിൽ മാന്യമായൊരു ജോലി, അഴിമതി രഹിതമായ ഭരണം, വിഷരഹിതമായ-മായമില്ലാത്ത ഭക്ഷണം, വിഷലിപ്തമല്ലാത്ത മതസംസ്കാരം, ചതിയും വഞ്ചനയും കൈക്കൂലിയില്ലാത്ത, സ്വജന പക്ഷപാതമില്ലാത്ത ഒരു കാലം എന്നാണ് വന്നുചേരുക? എത്ര നാൾ കാത്തിരിക്കണം?

പരിശുദ്ധ അമ്മ ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ച് അറിവ് ലഭിച്ചതുമുതൽ സ്വന്തം പുത്രൻ തന്റെ ശരീരത്തെ ഉന്നതത്തിലേക്ക് എടുക്കുന്ന നിമിഷം വരെ ദൈവസാന്നിധ്യം തന്റെ ശരീരത്തിൽ അവൾ അനുഭവിക്കുകയും മറ്റുള്ളവർക്ക് പങ്കുവയ്ക്കാൻ തയ്യാറാവുകയും ചെയ്തു. ഓരോ മനുഷ്യനും തന്നിലുള്ള ദൈവസാന്നിധ്യത്തെ തിരിച്ചറിഞ്ഞു ജീവിക്കുന്നതിന് വേണ്ടിയാണിത്. ദൈവത്തെ സ്വന്തമാക്കുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങളിൽ അവൾക്ക് പലതും സഹിക്കേണ്ടിവന്നിട്ടും അവൾ പിൻവാങ്ങിയില്ല. അതാണ് അവൾ കണ്ടെത്തിയ സ്വാതന്ത്ര്യത്തിന്റെ വഴി. ലോകവസ്തുക്കളിൽ തന്നെതന്നെ തളച്ചി

ടാതെ സ്വർഗ്ഗഭൂലോകങ്ങളുടെ രാജ്ഞിപദത്തിലേക്കുള്ള വഴി.

കോവിഡാനന്തരമുള്ള ഈ ഊട്ടുതിരുനാൾ ആത്മീയ വളർച്ചയ്ക്കായ് നമ്മെ തന്നെ ഒരുക്കട്ടെ. ആദ്യമായി 15 ദിവസവും നോമ്പ് അനുഷ്ഠിക്കാൻ ശ്രമിക്കുക. രണ്ടാമതായി അമ്മയോടുള്ള പ്രാർത്ഥന നിരന്തരം നമ്മുടെ ഭവനങ്ങളിൽ ചൊല്ലി പ്രാർത്ഥിക്കുക. മൂന്നാമതായി കുമ്പസാരിച്ചൊരുങ്ങി ബലിയിൽ പങ്കെടുക്കുക. നാലാമതായി ശാരീരിക ഭക്ഷണം എന്നതിനേക്കാൾ ആത്മീയമായി ഒരുങ്ങാൻ വചനം - വിശുദ്ധരുടെ (പ.അമ്മയുടെ) പുസ്തകങ്ങൾ വായിച്ചൊരുങ്ങുക.

അനുഗ്രഹപ്രദമായ ഒരു തിരുനാൾദിനത്തിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

ഒത്തിരി സ്നേഹത്തോടെ,
**ജെയ്സനച്ചൻ**

## വി. എവുപ്രാസ്യമ്മയുടെ സൂക്തങ്ങൾ



- **എന്റെ നല്ല ഈശോയെ നീ എന്തു ചെയ്താലും ഞാൻ നിന്നിൽനിന്ന് വേർപിരിയുകയില്ല.**
- **ആരും അറിയാത്ത ഒളിക്കപ്പെട്ട ജീവിതം എനിക്ക് തരണമെ.**
- **നമ്മുടെ കർത്താവിനെ പ്രതി പാടുപെടാത്ത ദിവസം ഒന്നുമല്ലാത്തതായി തോന്നുന്നു.**
- **ഓ, ദിവ്യരക്ഷിതാവെ നിന്റെ ഇഷ്ടം എനിക്കുമതി.**

## 19.06.2022 തിയ്യതിയിലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2022 മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസാക്കി.
2. 2022 ആഗസ്റ്റ് തിരുന്നാൾ ജനറൽ കൺവീനറായി ശ്രീ ജോബി ചിറ്റിലപ്പിള്ളി (സെന്റ് അൽഫോൻസ യൂണിറ്റ്), യേയും ശ്രീ സെബി പുളിക്കൻ (മഡോണ യൂണിറ്റ്) ശ്രീ. ഷാജു താണിക്കൽ (സെന്റ് ആന്റണീസ് യൂണിറ്റ്) എന്നിവരെ ജോയിന്റ് ജനറൽ കൺവീനർമാരായും തിരഞ്ഞെടുത്തു.
3. പള്ളി ഹാളുകളിലേക്ക് മേശകളും കസേരകളും വാങ്ങുവാൻ തീരുമാനിച്ചു.
4. ഷോപ്പിംങ്ങ് കോംപ്ളക്സ് പരിസരത്തും Cana Dine, St. Joseph Hall കളിലേക്കും CCTV Camera സ്ഥാപിക്കാൻ തീരുമാനിച്ചു.
5. ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ശ്രീ. പ്രിൻസൺ ചേറ്റുപുഴക്കാരനെ നിയമിക്കാൻ തീരുമാനിച്ചു.
6. വി. മറിയം ത്രേസ്യയുടെ രൂപം പള്ളിയിൽ പ്രതിഷ്ഠിക്കാൻ നിർമ്മല കോൺവെന്റ് മദർ സുപ്പീരിയറിന്റെ അപേക്ഷ പ്രകാരം ഭൂരിപക്ഷാഭിപ്രായത്തിൽ തീരുമാനമെടുത്തു.
7. സെന്റ് ജോസഫ് ഹാളിനോട് അനുബന്ധിച്ച് പുതിയതായി പണിത ഹാളിന് canadine എന്ന പേര് നല്കാൻ തീരുമാനിച്ചു. ടി ഹാൾ Rs. 10,000/ (പതിനായിരം രൂപയ്ക്ക്) ഇടവകാംഗങ്ങൾക്കും Rs. 13,000/ (പതിമൂവായിരം രൂപയ്ക്ക്) പൊതുജനങ്ങൾക്കും വാടകയ്ക്ക് നല്കാൻ തീരുമാനിച്ചു. ആയതിന് Rs. 2000/ (രണ്ടായിരം രൂപ Caution deposit വാങ്ങുവാനും തീരുമാനിച്ചു. പരിപാടികളുടെ 15 (പതിനഞ്ച്) ദിവസം മുമ്പ് മാത്രമേ Cana Dine Hall book ചെയ്യാൻ അനുവദിക്കുകയുള്ളൂ എന്നും തീരുമാനമെടുത്തു.
8. യൂണിറ്റുകളുടേയും സംഘടനകളുടേയും ഇടവകയുടെ പുറത്തുള്ള അതിരൂപതയുടെ എല്ലാ സംഘടനകളുടേയും പള്ളിവക ഹാളുകൾ ചായവിതരണം ഉൾപ്പെടെ ഭക്ഷണം വിതരണം ചെയ്യുന്ന എല്ലാ ആഘോഷങ്ങൾക്കും പള്ളിവക ഹാളുകൾ വിട്ടുനല്കുമ്പോൾ സെന്റ് ജോസഫ് ഹാളിന് Rs. 800/-

(എണ്ണൂറ് രൂപയും) മറ്റ് ഹാളുകൾക്ക് Rs 500/ (അഞ്ഞൂറ് രൂപയും) ക്ലീനിംഗ് ചാർജ്ജ് ഈടാക്കാനും തീരുമാനിച്ചു.

9. സെന്റ് പോൾസ് യൂണിറ്റ് അംഗം ശ്രീ യേശുദാസിന്റെ അപേക്ഷ കേന്ദ്രസമിതിയുടെ അന്വേഷണ കമ്മീഷന്റെ ശുപാർശയ്ക്ക് വിട്ടു.

10. പള്ളി വക ഷോപ്പിംഗ് കോംപ്ളക്സിലെ കൈവശക്കാർക്ക് വക്കീൽ നോട്ടീസുകൾ അയച്ചതിൻ പ്രകാരം യുക്തമായ തുടർനടപടികൾ സ്വീകരിക്കാൻ 'കുറുപ്പ് അസോസിയേറ്റ്സ്' എന്ന പേരിലുള്ള അഭിഭാഷകരെ ഏല്പ്പിക്കാൻ തീരുമാനിച്ചു.

**പ്രതിനിധിയോഗ സെക്രട്ടറി**




Sugar ഉള്ള എല്ലാവരും രോഗം നിയന്ത്രിക്കുന്നതുമാത്രമല്ല. വർഷത്തിൽലൊരിക്കിലെങ്കിലും അവരവരുടെ കണ്ണിന് ഡയബറ്റിക് റെറ്റിനോപ്പതി ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുകയും വേണം. രോഗം ആരംഭത്തിൽ കണ്ടുപിടിച്ചാൽ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും വൈകിപോയാൽ കണ്ണിനുള്ളിൽ Bleeding, നീർകെട്ട്, കാഴ്ച്ചഞെരമ്പ് വിട്ടുപോകുക എന്ന് വരെ സംഭവിച്ചേക്കാം. വൈകിയാൽ കാഴ്ച്ച തിരിച്ച് കിട്ടാൻ ലേസർ ചികിത്സ, സർജറി തുടങ്ങിയ മാർഗ്ഗങ്ങൾ തേടേണ്ടിവരും. എന്നാൽ പോലും കാഴ്ച തിരിച്ചുകിട്ടിയില്ലെന്നുവരാം. ഈ അസുഖം തടയുക എന്ന് പറയുന്നത് ഷുഗർ കൺട്രോൾ ചെയ്യുക എന്നു മാത്രമാണ്.

**ഡോ. അനിറ്റ ജോസ്,**
തോപ്പിൽ



# മതബോധനവാർത്തകൾ

സ്നേഹമുള്ള അധ്യാപകരേ, മതാപിതാക്കളേ, വിദ്യാർത്ഥികളേ,

എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ "അവനോടൊപ്പം പോയി മരിക്കാനുള്ള" സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ച് രക്തസാക്ഷിയായ മാർതോമാശ്ലീഹായുടെ ധീര രക്തസാക്ഷിത്വ ത്തിന്റെ 1950-ാം വർഷം ജൂലൈ 3-ാം തിയ്യതി വളരെ വിപുലമാ യ രീതിയിൽ നമ്മുടെ യൂണിറ്റ് ആചരിക്കുകയുണ്ടായി. നിർമ്മല കോൺവെന്റ് സ്കൂളിൽ നിന്ന് പ്ലക്കാർഡുകളുമായി സ്കൂൾ ലീഡേർസിന്റെ നേതൃത്വത്തിൽ ദേവാലയത്തിലേക്ക് വിശ്വാസപ്ര ഖ്യാപന റാലി നടത്തുകയും തുടർന്ന് ദേവാലയത്തിൽ വച്ച് വി കാരിയച്ചന്റെ നേതൃത്വത്തിൽ മാർതോമാശ്ലീഹായുടെ ബൈബി ളിൽ അടങ്ങിയിരിക്കുന്ന ബൈബിൾ വചനങ്ങളുടേയും, തോമാ ശ്ലീഹായുടെ ജീവചരിത്രത്തിന്റെയും ഭാഗങ്ങൾ ഉൾപ്പെടുത്തി കൊണ്ട് LP, UP, HSS എന്നീ മൂന്ന് വിഭാഗങ്ങളിലായി ജെയ്സൺ മാസ്റ്റർ ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനം നൽ കുകയും ചെയ്തു. അതിന് പുറമേ LP, UP, HSS വിഭാഗങ്ങളിലെ ഏറ്റവും നല്ല പ്ലക്കാർഡുകൾക്ക് വികാരിയച്ചൻ ക്യാഷ് പ്രൈസു കൾ നൽകി ആദരിച്ചു.

ഈ വർഷം നടത്തപ്പെടുന്ന ലോഗോസ് ക്വിസ് - 2022 പരീക്ഷയ്ക്ക് Std V മുതൽ Std XII വരെയുള്ള എല്ലാ വിദ്യാർത്ഥി കളുടേയും പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരം മാതാ പിതാക്കളെ പ്രത്യേകം അറിയിക്കുന്നു. ക്വിസിന് പഠിക്കാനുള്ള പാഠഭാഗങ്ങൾ (ജോഷ്വ : 1-12, പ്രഭാഷകൻ : 23-26, മാർക്കോസ് 9-16, 1 കോറിന്തോസ് 9-16)

2021-22 വർഷത്തിൽ റാങ്ക് ജേതാക്കളായവർക്കും ACC പൂർത്തിയാക്കിയവർക്കും ആഗസ്റ്റ് 15ന് DBCLCയിൽ വെച്ച് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നതായിരിക്കും.

ആഗസ്റ്റ് 15-ാം തിയതി ആഘോഷിക്കുന്ന നമ്മുടെ ഇടവക മധ്യസ്ഥയായ കരേറ്റ മാതാവിന്റെ തിരുനാളിന്റെ മംഗളാശംസകൾ ഏറെ സ്നേഹപൂർവ്വം നേർന്നുകൊണ്ട് വിശ്വാസപരിശീലന ക്ലാസ്സുകളിലേക്ക് നമ്മുടെ മക്കൾ കൃത്യസമയത്ത് തന്നെ എത്തിചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ മാതാപിതാക്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഏറെ സ്നേഹത്തോടെ

ഡോ. ജോയ് കരേരക്കാട്ടിൽ
പ്രിൻസിപ്പാൾ




# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.08.2022 | തിങ്കൾ | 1. വി. അൽഫോൻസ് ലിഗോരി |
| 04.08.2022 | വ്യാഴം | വി. ജോൺ വിയാനി |
| 06.08.2022 | ശനി | ക്രിസ്തുവിന്റെ രൂപാന്തരം |
| 08.08.2022 | തിങ്കൾ | വി. ഡൊമിനിക്ക് |
| 10.08.2022 | ബുധൻ | വി. ലോറൻസ |
| 11.08.2022 | വ്യാഴം | വി. ക്ലാര |
| 13.08.2022 | ശനി | വി. ജോൺ ബെർക്കുമാൻസ് |
| 15.08.2022 | തിങ്കൾ | പി. കന്യാമറിയത്തിന്റെ സ്വർഗാരോപണം |
| 18.08.2022 | വ്യാഴം | വി. ഹെലനാ |
| 20.08.2022 | ശനി | വി. ബെർണാദ് |
| 22.08.2022 | തിങ്കൾ | മേരി ലോകറാണി |
| 23.08.2022 | ചൊവ്വ | വി. റോസ |
| 24.08.2022 | ബുധൻ | വി. ബർത്തലോമൂസ്ലീഹാ |
| 27.08.2022 | ശനി | വി. മോനിക്ക |
| 29.08.2022 | തിങ്കൾ | വി. ഏവുപ്രാസ്യാമ്മ |
| 31.08.2022 | ബുധൻ | വി. റെയ്മണ്ട് |

# സെന്റ് പോൾസ് കുടുംബകൂട്ടായ്മ



**റിപ്പോർട്ട് 3–7–2022**

സെന്റ് പോൾസ് കുടുംബകൂട്ടായ്മയുടെ 30–ാം വാർഷികവും കൂട്ടായ്മയുടെ മദ്ധ്യസ്ഥനായ വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാളും 03.07.2022 ന് നടത്തപ്പെടുകയുണ്ടായി. വൈകിട്ട് 5 മണിക്ക് കാഴ്ചസമർപ്പണത്തോടെ ആരംഭിച്ച വിശുദ്ധ കുർബാന യിൽ യൂണിറ്റംഗങ്ങൾ സജീവമായി പങ്കെടുത്തു. തുടർന്ന് നടന്ന പൊതുയോഗത്തിൽ സന്നിഹിതരായവർക്ക് കുടുംബകൂട്ടായ്മ പ്രസിഡന്റ് ശ്രീ. ജോർജ് കൈതാരൻ സ്വാഗതം അർപ്പിക്കുകയും കേന്ദ്രകമ്മിറ്റി പ്രസിഡന്റ് അഡ്വ. നെറ്റോ നെല്ലിശ്ശേരി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. അദ്ധ്യക്ഷപ്രസംഗം നടത്തിയ അഡ്വ. നെറ്റോ നെല്ലിശ്ശേരി കുടുംബബന്ധങ്ങളെക്കുറിച്ചും കുടുംബകൂട്ടാ യ്മ ഭാരവാഹികൾ സ്വയം സന്നദ്ധരായി ഭാരവാഹിത്വം ഏറ്റെടു ക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രതിപാദിച്ചു. വികാരിയച്ചൻ റവ. ഫാ. ജെയ്സൺ പുന്നശ്ശേരി ദീപം തെളിയിച്ചുകൊണ്ട് കാര്യ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ നട്ടുനനച്ചവൻ ആണ് വിതച്ചവനേക്കാൾ വലിയവൻ എന്ന സുവി ശേഷവാക്യത്തെയും പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയെയും കുറിച്ച് വികാരിയച്ചൻ സംസാരിച്ചു. പ്രമോട്ടർമാരായ സിസ്റ്റർ ഹിത, സിസ്റ്റർ ലിറ്റിൽ തെരേസ് എന്നിവർ ആശംസകൾ അർപ്പി ച്ചു. യൂണിറ്റംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ചടങ്ങുകൾക്ക് മാറ്റുകൂട്ടി. നടത്തുകൈക്കാരൻ കെ.കെ. ജെയിംസ് ആശംസകൾ നേർന്നു.

തുടർന്നു നടന്ന ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ താഴെ പറയു ന്നവർ ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് : ശ്രീ. ബൈജു കൊക്കൻ
വൈസ് പ്രസിഡന്റ് : സാബുരാജ് കെ.ഐ.,

ഷൈനി പോൾ മഞ്ഞളി

| | |
|---|---|
| സെക്രട്ടറി | :ആന്റോ ചിറമ്മൽ |
| ജോ.സെക്രട്ടറി | :ഡിറ്റോ ഡേവിസ് അക്കരപട്ടേക്കൽ, ആൻസി സുധീർ |
| ട്രഷറർ | :ടോണി ചിറമ്മൽ |
| പ്രതിനിധിയോഗ അംഗം | :ജോർജ് കൈതാരൻ |
| യൂത്ത് ഭാരവാഹി | :ഫ്രൻജോ ഫ്രാൻസിസ് |
| കുട്ടിക്കൂട്ടായ്മ ഭാരവാഹികൾ | :ബെഞ്ചമിൻ, അമിഷാ റോസ് |
| സീനിയർ മെമ്പർ | :സുധ ആന്റണി |

സ്നേഹവിരുന്നിനും പ്രതിനിധിയോഗാംഗം ശ്രീ. ജോണി ഊക്കന്റെ നന്ദിപ്രകടനത്തിനും ശേഷം യോഗം സമാപിച്ചു.

സെക്രട്ടറി

## സെന്റ് തോമാസ് കുടുംബ കൂട്ടായ്മ



**30-ാം വാർഷിക റിപ്പോർട്ട് (03-07-2022)**

2022 ജൂലായ് 3ന് സെന്റ് തോമാസ് കുടുംബകൂട്ടായ്മയുടെ 30-ാം വാർഷികം ആഘോഷിച്ചു. രാവിലെ 6.30നുള്ള വിശുദ്ധകുർബ്ബാനയിൽ യൂണിറ്റ് അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തി. വികാരിയച്ചൻ, മദർ സൂപ്പീരിയർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ചേർന്ന് തിരി തെളിയിച്ച് വി. കുർബാനയിൽ പങ്കെടുത്തു.

ഉച്ചയ്ക്ക് 11 മണിക്ക് സെന്റ് മേരീസ് ഹാളിൽ ശ്രീമതി മേരി ലാസറിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗം പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. യൂണിറ്റിൽ നിന്നും കഴിഞ്ഞ 3 വർഷങ്ങളിലായി വിടവാങ്ങിയവരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. പ്രസിഡന്റ് ശ്രീ. ആന്റണി ചീരോത സ്വാഗത പ്രസംഗം പറഞ്ഞു. സെക്രട്ടറി ശ്രീമതി ഗ്രെയ്സി ജോണി മൂന്നുവർഷത്തെ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ അഡ്വ. നെറ്റോ നെല്ലിശ്ശേരി വാർഷിക കണക്കും അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

ബഹു. വികാരിയച്ചൻ ഫാ. ജെയ്സൺ പുന്നശ്ശേരി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വി. തോമാശ്ലീഹായെ പ്രകീർത്തിച്ചുകൊണ്ട് സ്വയം രചിച്ച കവിത ചൊല്ലിയാണ് ശ്രീമതി മേരി

ലാസർ ടീച്ചർ അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചത്. സമയമോ, സൗകര്യങ്ങളോ നോക്കാതെ സ്വയം ദൈവത്തിനായി സമർപ്പിച്ച് ഭാരവാഹിത്വം ഏറ്റെടുക്കുമ്പോഴാണ് അത് ദൈവതിരുമുമ്പിൽ നീതിയായി പരിഗണിക്കപ്പെടുകയെന്ന് അഡ്വ. ബിനീത ആശംസാപ്രസംഗത്തിൽ തന്റെ തന്നെ ജീവിതശൈലി ചൂണ്ടിക്കാട്ടി കൊണ്ട് സദസ്സിന് സ്പഷ്ടമാക്കി കൊടുത്തു. ആനിമേറ്റേഴ്സായ റവ. സി. രശ്മി സി.എച്ച്.എഫ്. ഉം റവ. സി. റോഷ്നി സി.എച്ച്.എഫ്.ഉം നടത്തു കൈക്കാരൻ ജെയിംസ് കളപുരയ്ക്കലും ആശംസകൾ നേർന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത ശേഷം യൂണിറ്റിന്റെ ആദ്യ ഭാരവാഹിയായ കുര്യൻ സാറിനെ ആദരിച്ചു. കലാപരിപാടികളും വിജയികൾക്ക് സമ്മാനങ്ങളും നൽകി. സ്നേഹവിരുന്നിനുശേഷം ശ്രീമതി ജിപ്സി റാഫിയുടെ നന്ദി പ്രകടനത്തോടെ യോഗം 2.30ന് പിരിഞ്ഞു.

സെക്രട്ടറി
**ഗ്രേയ്സി ജോണി.**

## സെന്റ് സെബാസ്റ്റ്യൻസ് കുടുംബ കൂട്ടായ്മ



### 30-ാം വാർഷികം - റിപ്പോർട്ട് (10.07.2022)

പുതൂർക്കര സെന്റ് സെബാസ്റ്റ്യൻസ് കുടുംബകൂട്ടായ്മയുടെ 30-ാം വാർഷികം 2022 ജൂലായ് 10 ഞായറാഴ്ച ആഘോഷിച്ചു. രാവിലെ 6.30ന് നടന്ന വിശുദ്ധ കുർബ്ബാനയിൽ യൂണിറ്റ് അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും, തുടർന്ന് വികാരി, മദർ, യൂണിറ്റ് പ്രസിഡന്റ് എന്നിവർ തിരി തെളിയിച്ച് വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു.

രാവിലെ 11ന് സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടന്ന വാർഷിക പൊതുസമ്മേളനം പ്രാർത്ഥനാഗീതത്തോടെ ആരംഭിച്ചു. കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നയോഗത്തിന് പ്രസിഡന്റ് അഡ്വ. ബിനീത ക്രൈസ്റ്റ് സ്വാഗതം പറഞ്ഞു. സെക്രട്ടറി ജോഫിൻ ജോൺ കൊളങ്ങര റിപ്പോർട്ടും, ട്രഷറർ ശ്രീ. ജെയ്സൺ

# ജന്മദിനാശംസകൾ

07-08-2022



നമ്മുടെ പ്രിയപ്പെട്ട വികാരി

റവ. ഫാ. ജെയ്സൻ പുന്നശ്ശേരിയ്ക്ക്

ഇടവകാംഗങ്ങളുടെ

ജന്മദിനാശംസകൾ

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

കൂള വാർഷിക കണക്കും അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി.

ഇടവക വികാരി റവ. ഫാ. ജെയ്സൻ പുന്നശ്ശേരി ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് സംസാരിച്ചു. നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ കാതറിൻ മുഖ്യപ്രഭാഷണവും, ആനിമേറ്റർ സിസ്റ്റർ ഡയാനയുടെ അഭാവത്തിൽ സിസ്റ്റർ രശ്മിയും, നടത്തുകൈക്കാരൻ ശ്രീ. ജെയിംസ് കളപുരയ്ക്കലിന്റെ അഭാവത്തിൽ കൈക്കാരൻ ശ്രീ. ബെഞ്ചമിൻ താണിക്കലും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ നമ്മെ വിട്ടുപോയ കുടുംബകൂട്ടായ്മ അംഗങ്ങൾക്കുവേണ്ടി ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥന നടത്തി.

വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരേയും, നവദമ്പതികളെയും, വിശ്വാസ പരിശീലനത്തിലും, വിദ്യാഭ്യാസ രംഗത്തും ഉന്നത വിജയം കൈവരിച്ചവരെയും മറ്റു മേഖലകളിൽ പുരസ്കാരം ലഭിച്ചവരെയും ഉപഹാരങ്ങൾ നൽകി ആദരിച്ചു. തുടർന്ന് അടുത്ത് മൂന്ന് വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കാൻ വാരണാധികാരി അഡ്വ. നെറ്റോ നെല്ലിശ്ശേരി നേതൃത്വം നൽകി. എതിരില്ലാതെ തെരഞ്ഞെടുത്തവർക്ക് യോഗം ആശംസകൾ അർപ്പിച്ചു. വൈസ് പ്രസിഡന്റ് ഡെൻസ് ഡേവീസ് എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് നടന്ന ഉച്ചഭക്ഷണത്തിൽ എല്ലാവരും പങ്കുചേരുകയും യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ കരോക്കെ ഗാനമേള അവതരിപ്പിക്കുകയും ചെയ്തു. യോഗം 2 മണിയോടെ സമാപിച്ചു.

**ജോഫിൻ ജോൺ കൊളങ്ങര**
സെക്രട്ടറി



# തോമാചരിതം

**ഡോ. ആന്റോ ഫ്ളോറൻസ് പി.**
സെന്റ് തോമസ് യൂണിറ്റ്

സാക്ഷാൽ ദൈവം മൂവ്വൊരുവർ തൻ,
കൃപയാൽ തോമാമാർഗ്ഗ ചരിതം,
കേരളനാട്ടിൽ സ്ഥാപിതമായതെങ്ങനെയെന്ന്
പാടുവതടിയനു തുണയേകണമേ നാഥാ.
ക്രിസ്തുവർഷം അമ്പത്തിരണ്ടാമാണ്ടിൽ,
ചേരളനാട്ടിൽ തുറമുഖറാണിയാം,
മുസിരിസിലിറങ്ങി തോമാ
തന്റെ ബോദ്ധ്യം സാക്ഷ്യപ്പെടുത്താൻ
സത്യമതം ക്രിസ്തുമതമെന്ന് തെളിയിച്ച
തോമായിലാകൃഷ്ടനായ ചേരരാജമഹാദേവരും
മൂവ്വായിരംകരക്കാരും നാല്പതുജൂതന്മാരും
തർക്കംകൂടാ ദിവ്യമാർഗ്ഗം കൈക്കൊണ്ടു
പെരിയാർ നദിയുടെ വടക്കുഭാഗത്തായ്,
വടക്കു ഭാഗക്കാരെന്നപേരിൽ,
ചിരപരിചിതമായൊരു ക്രിസ്ത്യൻ
ഗണമായവിടെ ചേരരാജ്യത്തിൻ
കൃഷി വാണിഭ തൊട്ടിലുകളായൊരു,
പൈതൃകമായങ്ങനെ നിലകൊണ്ടു.
കൊല്ലം തുറമുഖ പട്ടണമതിൽ,
ബോട്ടിൽ തോമാചെന്നെത്തി
അവിടെ ഗ്രാമത്തിലൊരു വർഷം
അറിയിച്ചൂ തോമാ സന്ദേശം
കിഴക്കുവടക്കായ് നടകൊണ്ടങ്ങനെ
കോക്കമംഗലം വന്നെത്തി.
ആലപ്പുഴ ജില്ലായിലുടനീളം
അറിയിച്ചൂ തോമാ മാർഗ്ഗത്തെ.
അവിടുന്നുടനെ നീങ്ങിക്കൊണ്ട്

കോട്ടക്കായൽ ചെന്നെത്തി.
കൊച്ചിക്കാരും പറവൂർക്കാരും
രക്ഷാമാർഗ്ഗം കൈക്കൊണ്ടു.
ഉത്തരമാർഗ്ഗെ നടകൊണ്ടങ്ങനെ
പാലൂർ ഗ്രാമം വന്നെത്തി
അമ്പലവാസികൾ തർക്കിച്ചങ്ങനെ,
തണ്ണീർ പൂജയിൽ വിജയം നേടി,
സ്നാനം മുങ്ങി നസ്രാണികളായ്
പൂർവ്വദേശേപശ്ചിമമലകൾ,
താണ്ടിയതോമാ മലയാറ്റൂരിൽ,
പ്രാർത്ഥനയിൽ ലയിച്ചുകൊണ്ടങ്ങനെ,
ശിലകളിൽ മുദ്രകൾ പതിഞ്ഞേപ്പോയി.
ദക്ഷിണദേശേ കാനനനാടുകൾ-
താണ്ടിക്കൊണ്ടു നിരണത്തിൽ,
ഒരായിരമോടറന്നൂർപേരെ,
സ്നാനം നൽകീ, സ്ഥാപിച്ചവിടെ സ്ലീവായും
കാനന പാതേ നടകൊണ്ടങ്ങനെ,
ചായൽ മലയിൽ ചെന്നെത്തി
നിലയ്ക്കലിൽ സ്ലീവാ സ്ഥാപിച്ച-
തോമാശ്ലീഹാ നടപടിയും വിധിച്ചാൽ
കാനനപാതേ ദക്ഷിണ ദിശയിൽ,
കന്യാകുമാരിയിലെത്തിയ തോമാ-
ചേരയരചൻ മുഹാ ദേവരുടെ ദാനത്താൽ -
തിരുവിതാം കോടരചർ പള്ളി
അരപ്പള്ളിയെന്ന് പേർ കേട്ടു.
അമ്പത്തൊമ്പതു കന്നിയുടന്ത്യം-
മൈലാപൂർക്കായ് നടകൊണ്ടു.
ചോഴ പെരുമാൾ രാജ്യത്തങ്ങനെ-
തോമാമാർഗ്ഗവും സ്ലീവായും സ്ഥാപിച്ചു.
കാളീക്ഷേത്രപൂജാരിയുടെ
കുന്തമുനയാൽ എഴുപത്തിരണ്ടാമാണ്ടിൽ
നാകം പൂകിയ ദിവ്യനാം തോമാശ്ലീഹാ.
തോമാശ്ലീഹായുടെ ഏഴരപ്പള്ളികൾ

കേരളനാട്ടിലുടനീളം ഒന്നായൊരു-
സമൂഹമായ്, മറ്റുള്ളവർക്കൊരു മാർഗ്ഗദീപമായ്,
ഉയർന്നസ്ഥാനം നേടിക്കൊണ്ട്
തൈലാദി വസ്തുക്കളശുദ്ധമായാൽ,
നസ്രാണികളെക്കൊണ്ടുതൊടുവിച്ചേൻ,
ശുദ്ധമായീടുമെന്നൊരു വിശ്വാസത്തിൽ,
ഉയർന്ന വിഭാഗമായൊരു ഗണമായ്തീർന്നു
തന്റെ ജീവിതമൊരു വീരചരിതമാക്കിയ തോമാ,
നന്മകൾ ചെയ്തു നീങ്ങിയ തോമാ,
വിശ്വാസത്തിൻ മാർഗ്ഗദീപമായ്,
ഭാരതത്തിൻ രക്തസാക്ഷിയായ്,
മാറിയ തോമാ പാദത്തുങ്കൽ,
വച്ചിതടിയൻ, കാഴ്ചയായ്, യറിവിനായ്.

## ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 16/2022<br>17.07.2022 | ആളൂക്കാരൻ പ്രിൻസ് & റീത്ത ജോർജ്ജ് മകൻ ഫ്രാൻസീസ് (ഫിലിപ്പ് പ്രിൻസ് ആളൂക്കാരൻ) |
| 18/2022<br>30.07.2022 | ആലപ്പാട്ട് അനീഷ് & ദീപിക മകൻ വർഗ്ഗീസ് (ജാൻവിക്ക് ആലപ്പാട്ട്) |
| 19/2022<br>30.07.2022 | ആലപ്പാട്ട് അനീഷ് & ദീപിക മകൻ ജോസ് (തൻവിക്ക് ആലപ്പാട്ട്) |

## തിരുത്ത്

ജൂലായ് മാസത്തെ ബുളറ്റിനിൽ വന്ന ഇടവകയിൽ നിന്നും മാറിപ്പോയവർ എന്ന തലക്കെട്ടിൽ വന്ന അക്കരപട്ട്യേക്കൽ അന്തപ്പൻ മകൻ ബിജു-സെന്റ് മേരീസ് യൂണിറ്റ് - പുല്ലഴി എന്നത് അക്കരപട്ട്യേക്കൽ അന്തപ്പൻ മകൻ ബാബു-സെന്റ് മേരീസ് യൂണിറ്റ് - പുല്ലഴി എന്ന് തിരുത്തിവായിക്കണമെന്ന് അപേക്ഷിക്കുന്നു



# പരിശുദ്ധ കന്യകാമറിയം നന്മയുടെ നിറകുടം

**ഡെയ്സി അന്തപ്പൻ,**
സെന്റ് മേരീസ് യൂണിറ്റ്

ഭാരതഭൂമിയുടെ സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപിത രാജ്ഞിയുടെ തിരുനാളും ആഘോഷിക്കുന്ന ഓഗസ്റ്റ് മാസം സ്വർഗ്ഗീയ സൗന്ദര്യം ഏവരിലും നിറയുന്ന അനുഗ്രഹീത കാലം കൂടിയാണ്. നന്മയുടെ നിറകുടമായ പരിശുദ്ധ അമ്മയാണ് പാപത്തിന്റെ അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ പുതുപുലരിയിലേക്ക് നമ്മെ നയിക്കുന്നത്. പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്, വിടുതലാണ് സ്വർഗ്ഗാരോപിത രാജ്ഞി നമുക്കേകുന്നത്.

പുല്ല് താനെ വളരുന്നു. തിന്മ താനെ വളരുന്നു. നന്മകൾ നട്ടുവളർത്തണം ശ്രദ്ധവച്ച് വളർത്തണം. പാപം പലരേയും സഹയിച്ചിട്ടുണ്ട്. പക്ഷെ ആരേയും രക്ഷിച്ചിട്ടില്ല. പാപം പലരേയും കൂട്ടി യോജിപ്പിച്ചിട്ടുണ്ട്. എന്നാൽ ഒരുമിച്ച് ജീവിക്കാൻ അനുവദിച്ചിട്ടില്ല. പാപം പലരേയും വളർത്തിയിട്ടുണ്ട്. എന്നാൽ നിലനിറുത്തിയിട്ടില്ല. പാപം സ്വാതന്ത്ര്യം നൽകുന്നതായി തോന്നിപ്പിക്കും. എന്നാൽ പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. അടിമയ്ക്ക് എന്നും മുറിവുകളും ക്ഷതങ്ങളും നൈരാശ്യങ്ങളുമാണ് പിശാച് സമ്മാനിക്കുക. എന്നാൽ യഥാർത്ഥമായ പശ്ചാത്താപവും അനുതാപകണ്ണുനീരും ഏതൊരു അടിമയുടേയും അടിമത്തം അവസാനിപ്പിക്കുകയും സ്വർഗ്ഗത്തിന്റെ സൗന്ദര്യം സ്ഥാപിച്ചെടുക്കുകയും ചെയ്യും. നന്മ ചെയ്യുന്നവൻ നന്മയുടെ അധികാരിയായ ദൈവത്തിന്റെ ആധിപത്യം അവന്റെ ഹൃദയത്തിലുണ്ടാക്കും. നന്മയുടെ നിറകുടമാണ് പരിശുദ്ധ കന്യകാമറിയം. നാം നന്മയുടെ നിറകുടമാകുന്നതിന് പരിശുദ്ധ അമ്മവഴി ദൈവം ആശീർവ്വദിക്കട്ടെ.

സ്വർഗ്ഗാരോപണതിരുനാളിന്റേയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ ഞാൻ എല്ലാ കുടുംബങ്ങൾക്കും നേരുന്നു.

# ജാതി തൊണ്ടിന്റെ ഗുണവും കൊതിയൂറും വിഭവങ്ങളും



ജാതിക്കയും ജാതിപത്രിയും മാത്രമാണ് വിപണി അടക്കി വാഴുന്നത് എങ്കിലും ജാതി തൊണ്ടിന്റെ മൂല്യം മനസിലാക്കാൻ കർഷകർക്ക് അൽപ സമയം വേണ്ടി വന്നു. വിപണിയിലെത്തിയാൽ ജാതി തൊണ്ടിന്റെ സ്ഥാനം പടിക്ക് പുറത്തായിരുന്നു. എന്നാൽ ഇതിന് വിപരീതമായി ജാതി തൊണ്ടിൽ നിന്നും മികച്ച മുല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് തെളിഞ്ഞിരിക്കുകയാണ്. പ്രധാനമായും അച്ചാറാണ് ജാതി തൊണ്ടിൽ നിന്നും ഉണ്ടാക്കാൻ സാധിക്കുന്നത്. ജാതിക്കയുടെ ഗുണം തിരിച്ചറിഞ്ഞ് ആവശ്യക്കാർ ഇത് വാങ്ങും എന്നതിൽ ഒരു സംശയവുമില്ല. എന്നാൽ ഗുണമേന്മ ഉണ്ടാകണം. മഴ കൂടുതലുള്ള സമയങ്ങളിൽ ജാതി വിളവെടുപ്പും സംഭരണവും പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷ്യവസ്തുക്കൾ നിർമിക്കാൻ ഈർപ്പം കുറഞ്ഞ തൊണ്ടാണ് ആവശ്യം. അച്ചാർ, സോസ്, വൈൻ ജാം, സിറപ്പ് , കാൻഡി, സ്ക്വാഷ് തുടങ്ങി നിരവധി ഉൽപന്നങ്ങൾ ജാതി തൊണ്ടിൽ നിന്നും ഉണ്ടാക്കാൻ സാധിക്കും. ചമ്മന്തി പ്പൊടിയ്ക്കായി ജാതി തൊണ്ട് ഉണക്കി നന്നായി പൊടിച്ച് സൂക്ഷിക്കാം. മാത്രമല്ല മീൻ അച്ചാറിലും ഉണക്കിയ ജാതി തൊണ്ട് ചേർക്കുന്നത് നല്ലതാണ്.

## ജാതി അച്ചാർ

ജാതി തൊണ്ട് കൊണ്ട് ഉണ്ടാക്കുന്ന അച്ചാറിന് രുചിയും മണവും വ്യത്യസ്തമാണ്. ജാതി തൊണ്ട് നന്നായി കഴുകി വെള്ളം മുഴുവൻ വാർന്ന് പോയതിന് ശേഷമാണ് പാകം ചെയ്യാൻ എടുക്കേണ്ടത്. ചെറുതായി അരിഞ്ഞ് ഉപ്പുചേർത്ത് അരമണിക്കൂർ വെച്ച ശേഷം അച്ചാർ ഉണ്ടാക്കാം.

ഒരു പാത്രത്തിൽ എണ്ണ ചൂടാക്കി ഇഞ്ചി, വെളുത്തുള്ളി എന്നിവ ചേർത്ത് വഴറ്റണം. മുളകുപൊടി, കായപ്പൊടി, ഉലുവ എന്നിവ പ്രത്യേകം വഴറ്റിയെടുക്കാം. ശേഷം നല്ലെണ്ണ ചൂടാക്കി കടുക് പൊട്ടിച്ച് ജാതി കഷണങ്ങൾ ഇട്ട് വഴറ്റാം. പിന്നീട് മസാലകൂട്ടുകൾ ചേർക്കുക. ശേഷം അടുപ്പിൽ നിന്നെടുത്ത് വിനാഗിരി ചേർത്താൽ അച്ചാർ തയ്യാർ. വായു കേറാത്ത കുപ്പികളിൽ അടച്ച് സൂക്ഷിച്ചാൽ എത്രനാൾ വരെ വേണമെങ്കിലും കേടാകാതിരിക്കും.

## ജാതി സോസ്

ജാതി തൊണ്ട് വേവിച്ച് പൾപ്പ് അരിച്ചെടുക്കുക. ഇതിൽ 100 ഗ്രാം ചുവന്നുള്ളിയും 30 ഗ്രാം ഇഞ്ചിയും ചേർത്ത് പ്രത്യേകം വേവിക്കണം. ഇത് അരച്ചെടുത്ത് ആവശ്യത്തിന് ഉപ്പും ചേർത്ത് തിളപ്പിക്കുക. 150 ഗ്രാം പഞ്ചസാര, ഒരു ടേബിൾ സ്പൂൺ കറുവപ്പട്ട, ഗ്രാമ്പൂ, വറ്റൽ മുളക്, കുരുമുളക് എന്നിവ ചതച്ച് തുണിയിൽ കിഴികെട്ടി വയ്ക്കണം. കൂട്ട് നന്നായി തിളച്ച ശേഷം മാറ്റിവയ്ക്കുക. കിഴിയിലെ സത്ത് കൂട്ടിലേക്ക് പിഴിഞ്ഞു ചേർക്കുക. കൂട്ട് തണുത്തശേഷം വൃത്തിയാക്കിയ കുപ്പികളിൽ വായു കടക്കാത്തവിധം സൂക്ഷിച്ചുവെക്കണം.

## ജാതി വൈൻ

ജാതി തൊണ്ട് ചെറിയ കഷണങ്ങളാക്കി ഭരണിയിലോ ചില്ലുകുപ്പികളിലോ അടുക്കി വയ്ക്കുക. അടുക്കുമ്പോൾ ശർക്കരയും കറുവപ്പട്ടയും ഗ്രാമ്പു പൊടിച്ചതും ഇടയ്ക്ക് ചേർക്കണം. ശേഷം വായു കടക്കാതെ 41 ദിവസം അടച്ചുവെയ്ക്കണം. ഈർപ്പമില്ലാത്ത ഒരു തവികൊണ്ട് ഇടക്ക് ഇളക്കി കൊടുക്കുകയും വേണം. 41 ദിവസം കഴിഞ്ഞ് തെളിഞ്ഞുവരുന്ന നീര് അരിച്ചെടുത്ത് കുപ്പികളിലാക്കി സൂക്ഷിച്ചു വയ്ക്കണം. ഇതൊരു മികച്ച ഔഷധം കൂടിയാണ്

# സെന്റ് മേരീസ് അസംപ്ഷൻ ദൈവാലയം, അയ്യന്തോൾ
# പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ ഊട്ടുതിരുനാൾ

**2022 ആഗസ്റ്റ്, 14, 15 (ഞായർ, തിങ്കൾ) തിയ്യതികളിൽ**

## ജൂലൈ 31 ഞായർ

6.30 am. : ആഘോഷമായ വി. കുർബ്ബാന, കൊടിയേറ്റം തുടർന്ന് കുടുംബ കൂട്ടായ്മകളിലേക്ക് പരിശുദ്ധ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുസ്വരൂപവും, കിരീടവും ഭാരവാഹികൾ ഏറ്റുവാങ്ങി കൊടുപോകുന്നു.

9.45 am. : വി. കുർബ്ബാന
റവ. ഫാ. ജെയ്സൻ പുന്നശ്ശേരി (വികാരി)

## ആഗസ്റ്റ് 06 ശനി

6.00 pm. : വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന, തിരിപ്രദക്ഷിണം
റവ. ഫാ. ജോഷി പുല്ലോക്കാരൻ സാഗർ ഭവൻ, കുറ്റൂർ
കുർബ്ബാന സ്പോൺസർ ചെയ്തവർ : അഡ്വ. തോമസ് പോൾ & ഫാമിലി
സെന്റ് ജോസഫ് യൂണിറ്റ്
നേതൃത്വം കൊടുക്കേണ്ടവർ : സെന്റ് ജോസഫ്, സെന്റ് ആന്റണി യൂണിറ്റുകൾ

## ആഗസ്റ്റ് 07 ഞായർ

6.30 am. : വി. കുർബ്ബാന
6.00 pm. : റവ. ഫാ. ജോബീസ് ഐക്കരമറ്റം, കപ്പൂച്ചിൻ
കുർബ്ബാന സ്പോൺസർ ചെയ്തവർ : ജേക്കബ്ബ് തോലത്ത് & ഫാമിലി, ലിറ്റിൽ ഫ്ളവർ യൂണിറ്റ്
നേതൃത്വം കൊടുക്കേണ്ടവർ : ലിറ്റിൽ ഫ്ളവർ, സെന്റ് മേരീസ് യൂണിറ്റുകൾ

## ആഗസ്റ്റ് 08 തിങ്കൾ

6.00 pm. : റവ. ഫാ. ജോയ് അടമ്പുകുളം, വികാരി, നിത്യസഹായമാതാ ചർച്ച്, വിയ്യൂർ
കുർബ്ബാന സ്പോൺസർ ചെയ്തവർ : എയ്ഞ്ചൽ ശ്രേയ ചുങ്കത്ത് & ഫാമിലി,
സെന്റ് ജോൺസ് യൂണിറ്റ്
നേതൃത്വം കൊടുക്കേണ്ടവർ : ഹോളി ഫാമിലി & സെന്റ് അൽഫോൺസ യൂണിറ്റുകൾ

## ആഗസ്റ്റ് 09 ചൊവ്വ

6.00 pm. : റവ. ഫാ. സെബി കവലക്കാട്ട്, ഡയറക്ടർ, പീസ് ഹോം, പെരിങ്ങണ്ടൂർ
കുർബ്ബാന സ്പോൺസർ ചെയ്തവർ : പനയ്ക്കൽ ചുമ്മാർ പോൾ & ഫാമിലി, ഹോളി ട്രിനിറ്റി യൂണിറ്റ്
നേതൃത്വം കൊടുക്കേണ്ടവർ : ക്രിസ്തുരാജ, സെന്റ് തോമസ് യൂണിറ്റ്

## ആഗസ്റ്റ് 10 ബുധൻ

6.00 pm. : റവ. ഫാ. ജോൺസൺ അന്തിക്കാടൻ, വികാരി, സെന്റ് ആൻസ് ചർച്ച്, പടിഞ്ഞാറെകോട്ട
കുർബ്ബാന സ്പോൺസർ ചെയ്തവർ : മേരി പോൾ കാരേകാട്ടിൽ & ഫാമിലി,
സെന്റ് ആന്റണി യൂണിറ്റ്

നേതൃത്വം കൊടുക്കേണ്ടവർ : സെന്റ് സേവിയാർ & സെന്റ് പോൾസ് യൂണിറ്റുകൾ

## ആഗസ്റ്റ് 11 വ്യാഴം

6.00 pm. : റവ. ഫാ. ആൻജോ പുത്തൂർ CMI, ചേതന മ്യൂസിക് അക്കാദമി, തൃശ്ശൂർ

കുർബ്ബാന സ്പോൺസർ ചെയ്തവർ : ജെയ്ക്ക് ചുങ്കത്ത് & ഫാമിലി, സെന്റ് ആന്റണീസ് യൂണിറ്റ്

നേതൃത്വം കൊടുക്കേണ്ടവർ : സെന്റ് പീറ്റർ & മഡോണ യൂണിറ്റുകൾ

## ആഗസ്റ്റ് 12 വെള്ളി

6.00 pm. : റവ. ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ, വികാരി, സെന്റ് ആന്റണീസ് ചർച്ച്, അന്തിക്കാട്

കുർബ്ബാന സ്പോൺസർ ചെയ്തവർ : ജെറി ഫ്രാൻസീസ് ചിറ്റിലപ്പിള്ളി & ഫാമിലി,
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

നേതൃത്വം കൊടുക്കേണ്ടവർ : സെന്റ് സെബാസ്റ്റ്യൻ & ഹോളി ട്രിനിറ്റി യൂണിറ്റുകൾ

## ആഗസ്റ്റ് 13 ശനി

6.00 pm. : റവ. ഫാ. മാത്യു വെട്ടത്ത്, വികാരി, സെന്റ് ജോസഫ് ചർച്ച്, പുങ്കുന്നം

കുർബ്ബാന സ്പോൺസർ ചെയ്തവർ : ഫ്രാൻസീസ് അറങ്ങാശ്ശേരി & ഫാമിലി,
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

നേതൃത്വം കൊടുക്കേണ്ടവർ : സെന്റ് ജോൺ, മാതൃസംഘം, കെ.സി.വൈ.എം.,
സി.എൽ.സി.

## ആഗസ്റ്റ് 14 ഞായർ

6.30 am. : വി. കുർബാന

കുർബ്ബാന സ്പോൺസർ ചെയ്തവർ : ജെനിറ്റ കാതറിൻ കുറ്റിക്കാട്ടിൽ & ഫാമിലി,
സെന്റ് തോമസ് യൂണിറ്റ്

5.45 pm. : കുടുംബ കൂട്ടായ്മകളിൽ നിന്ന് പരി. സ്വർഗ്ഗാരോപിത മാതാവിന്റെ തിരുസ്വരൂപങ്ങളും കിരീടവും ആഘോഷപൂർവ്വം പള്ളിയിൽ ഏറ്റുവാങ്ങൽ

6.00 pm. : റവ. ഫാ. ബിജു പാറപ്പുറം ISCH, പ്രിൻസിപ്പാൾ, സിയോൺ സെന്റർ, കുറ്റൂർ

കുർബ്ബാന സ്പോൺസർ ചെയ്തവർ : ഒരു വിശ്വാസി

നേതൃത്വം കൊടുക്കേണ്ടവർ : ബാക്കി എല്ലാ സംഘടനകളും

## ആഗസ്റ്റ് 15 തിങ്കൾ

6.30 am. : വി. കുർബാന. റവ. ഫാ. ജെയ്സൺ പുന്നശ്ശേരി, വികാരി

കുർബ്ബാന സ്പോൺസർ ചെയ്തവർ : ഡോൺസൺ പനയ്ക്കൽ & ഫാമിലി, ഹോളി ട്രിനിറ്റി യൂണിറ്റ്

8.00 am. : ദേശീയ പതാക ഉയർത്തുന്നു.

10.00 am. : ആഘോഷമായ തിരുനാൾ പാട്ടുകുർബ്ബാന

റവ. ഫാ. അനു ചാലിൽ, അസി. വികാരി, സെന്റ് ജോർജ്ജ് ചർച്ച്, മുക്കാട്ടുകര

തിരുനാൾ സന്ദേശം : റവ. ഫാ. ബിറ്റോ തലക്കോട്ടൂർ, കപ്പൂച്ചിൻ, കാൽവരി ആശ്രമം, പൂത്തോൾ.

കുർബ്ബാന സ്പോൺസർ ചെയ്തവർ : ലെക്സൺ കരേരക്കാട്ടിൽ & ഫാമിലി,
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# 2022 ജനുവരിയിലെ
# വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ
## സെന്റ് ജോസഫ് യൂണിറ്റ്

| SL.NO | REC.NO | NAME | AMOUNT |
|---|---|---|---|
| 1 | 101 | ഷാജു പോൾ കരേരക്കാട്ടിൽ | 5000 |
| 2 | 102 | അബ്രാഹം കരേരക്കാട്ടിൽ | 1000 |
| 3 | 103 | ചാക്കോ കരേരക്കാട്ടിൽ | 1000 |
| 4 | 104 | ജോയ് കൊള്ളന്നൂർ | 2000 |
| 5 | 105 | ജോർജ് കരേരക്കാട്ടിൽ | 1000 |
| 6 | 106 | ജോൺസൺ തോമസ് പാറയ്ക്കൽ | 2000 |
| 7 | 107 | ഡെന്നി പഴൂങ്കാരൻ | 2000 |
| 8 | 108 | ഷാജു ഇ.ഡി., എടക്കളത്തൂർ | 2000 |
| 9 | 109 | ജോണി കരേരക്കാട്ടിൽ | 100 |
| 10 | 110 | റീത്ത കള്ളിക്കാടൻ | 300 |
| 11 | 111 | പോൾ കരേരക്കാട്ടിൽ | 500 |
| 12 | 112 | ഡേവീസ് കരേരക്കാട്ടിൽ | 500 |
| 13 | 113 | ജോൺസൺ കരേരക്കാട്ടിൽ | 500 |
| 14 | 114 | ബെന്നി കരേരക്കാട്ടിൽ | 500 |
| 15 | 115 | ഫ്രാൻസിസ് കരേരക്കാട്ടിൽ | 1000 |
| 16 | 116 | ജോൺസൺ പുത്തൂക്കര | 30000 |
| 17 | 117 | ഫ്രാൻസിസ് തേറാട്ടിൽ | 1000 |
| 18 | 118 | റോസി വർഗ്ഗീസ് താണിക്കൽ | 1000 |
| 19 | 119 | റപ്പായി കരേരക്കാട്ടിൽ | 2000 |
| 20 | 120 | ചാക്കുണ്ണി എലുവത്തിങ്കൽ | 1000 |
| 21 | 121 | വിൽസൺ കൈപ്പറമ്പിൽ | 1500 |
| 22 | 122 | റോയ് ഒലക്കേങ്കിൽ | 500 |
| 23 | 123 | ജെന്നിരാജ് തെക്കേക്കര | 5000 |
| 24 | 124 | ആൻറോ ചാഴൂർ | 3000 |
| 25 | 125 | മേരി ജോസ് ചിരയങ്കണ്ടത്ത് | 4000 |
| 26 | 126 | ലിംസൺ പുത്തൂർ | 500 |
| 27 | 127 | മേരി ജോസ് കരേരക്കാട്ടിൽ | 1000 |
| 28 | 128 | ലാസർ ആലപ്പാട്ട് | 3000 |

| SL.NO | REC.NO | NAME | AMOUNT |
|---|---|---|---|
| 29 | 129 | പോൾ താടിക്കാരൻ | 2500 |
| 30 | 130 | ജോസ് എ.എ., ആലപ്പാട്ട് മേച്ചേരിപ്പടി | 300 |
| 31 | 131 | വർഗ്ഗീസ് | 1000 |
| 32 | 132 | സ്റ്റാൻലി കാക്കശ്ശേരി | 3000 |
